30 വർഷത്തിലധികമായി കമ്പനി പ്രവർത്തിച്ചിട്ടും ഇല്ലാതിരുന്ന പ്രശ്നങ്ങൾ എന്തുകൊണ്ട് അഞ്ച് വർഷമായി മാത്രം രൂപപ്പെടുന്നു എന്ന എൻ.ജി.ഐ.എൽ മാനേജ്മെന്റിന്റെയും ട്രേഡ് യൂണിയനുകളുടെയും ദുരുദ്ദേശപരമായ ചോദ്യത്തിന് മറുപടി പറയുന്നു പഴയകാല സമരപ്രവർത്തകനായ

**എം.സി. ഗോപി**

# കമ്പനി തുടച്ചുനീക്കിയ കാതിക്കുടത്തെ സമരചരിത്രം

**നിറ്റാ** ജലാറ്റിൻ കമ്പനി പ്രവർത്തനം ആരംഭിച്ച കാലം മുതൽ തന്നെ ചെറിയ ഗ്രൂപ്പുകൾ മലിനീകരണ പ്രശ്നം ഉന്നയിച്ചുകൊണ്ട് സമരവും പ്രതിഷേധവുമായി രംഗത്ത് വന്നിട്ടുണ്ട്. എന്നാൽ കമ്പനി തങ്ങളുടെ അധികാരവും സ്വാധീനശേഷിയും പണവും ഉപയോഗിച്ച് ആ പ്രതിഷേധങ്ങളെയെല്ലാം തകർത്തുകളഞ്ഞതായാണ് കാതിക്കുടത്തിന്റെ ചരിത്രം. കമ്പനിയും ട്രേഡ് യൂണിയൻ പ്രതിനിധികളും ഇപ്പോൾ ആ ചരിത്രത്തെ മറച്ചുവയ്ക്കാനാണ് ശ്രമിക്കുന്നത്. എൻ.ജി.ഐ.എൽ ആക്ഷൻ കൗൺസിലിന്റെ മുൻകൈയിൽ കഴിഞ്ഞ അഞ്ച് വർഷമായി നടക്കുന്ന സമരം മാത്രമാണ് കമ്പനിക്കെതിരെയുണ്ടായ പ്രതിഷേധമെന്നാണ് അവർ പറയുന്നത്. 30 വർഷമായി ഇല്ലാത്ത പ്രശ്നം എന്തുകൊണ്ടാണ് അഞ്ചുവർഷമായി മാത്രം ഉന്നയിക്കുന്നു എന്നതാണ് അവർ ചോദിക്കുന്ന ചോദ്യം. പക്ഷെ ആ ആരോപണം പച്ചക്കള്ളമാണ്.

ആക്ഷൻ കൗൺസിലിന്റെ സമരത്തിന് മുമ്പ് തന്നെ പല കാലങ്ങളിൽ കാതിക്കുടത്ത് നടന്നിട്ടുള്ള സമരങ്ങളുമായി ഏറിയും കുറഞ്ഞും സഹകരിച്ചിട്ടുള്ള ഒരാളാണ് ഞാൻ. എന്റെ ഓർമ്മയിൽ വാളൂർ സ്കൂളിലെ അധ്യാപകനായിരുന്ന ഒരാളാണ് കമ്പനിക്കെതിരെ ആദ്യം പ്രതിഷേധവുമായി രംഗത്തെത്തിയത്. തൊണ്ണൂറുകളുടെ തുടക്കത്തിലായിരുന്നു അത്. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ കമ്പനി സാമ്പത്തിക സഹായം നൽകിയതോടെയാണ് ആ സമരം അവസാനിച്ചത്. 1995 കാലഘട്ടത്തിൽ കമ്പനിക്കടുത്തുള്ള കക്കാട് എന്ന പ്രദേശത്ത് നിന്നും തൈക്കൂട്ടം എന്ന മറ്റൊരു പ്രദേശത്ത് നിന്നും രണ്ട് ജനകീയ സമിതികൾ കമ്പനിക്കെതിരെ പ്രതിഷേധവുമായി രംഗത്ത് വന്നിരുന്നു. പൊതുവായ ഒരു സമരസമിതിയുടെ രൂപീകരണത്തിലേക്ക് അതൊന്നും വികസിച്ചില്ല. അതുകൊണ്ടുതന്നെ, ഈ ചെറിയ പ്രതിഷേധ ഗ്രൂപ്പുകളെ രാഷ്ട്രീയതാത്പര്യങ്ങളും സ്വാർത്ഥതാത്പര്യങ്ങളുമുള്ള വ്യക്തികൾ കൈവശപ്പെടുത്തുകയും കമ്പനിയെ സംരക്ഷിക്കുന്ന തരത്തിൽ ഒത്തുതീർപ്പുകളുണ്ടാക്കുകയുമാണ് ചെയ്തിട്ടുള്ളത്. 1995ന് ശേഷം കാതിക്കുടം നിവാസിയായ ഷാജു ജോസഫിന്റെ മുൻ കൈയിൽ നടന്ന സമരമാണ് കമ്പനിക്ക് സമ്മർദ്ദമുണ്ടാക്കുന്ന തരത്തിലേക്ക് വികസിച്ചത്. രൂക്ഷമായ മലിനീകരണം അനുഭവിച്ചിരുന്ന തൈക്കൂട്ടം ഭാഗത്തുള്ള കുറച്ചധികം പേർ ആ സമരവുമായി സഹകരിച്ചിരുന്നു. ശാസ്ത്രസാഹിത്യ പരിഷത്തും പ്രാദേശികമായി അന്ന് സഹകരിച്ചിരുന്നു. ഞാനും ആ സമിതിയുടെ സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. കമ്പനിക്കെതിരെ പരാതിയുള്ളവർ ഏറെയുണ്ടായിരുന്നെങ്കിലും സമരത്തിനെത്താൻ അന്ന് പലരും തയ്യാറായിരുന്നില്ല. അതോടെയാണ് സമരം പതിയെ നിശബ്ദമായത്.

2003ലാണ് വീണ്ടും സമരം ശക്തമാകുന്നത്. കെ.സി.പി.എൽ മലിനീകരണ വിരുദ്ധ സമിതി രൂപീകരിക്കപ്പെട്ടു. ഇടതുപക്ഷ ചായ്‌വുള്ള ഒരു കമ്മിറ്റിയായിരുന്നു അത്. സി.പി.എം മെമ്പർമാരായിരുന്നവരും സമര സമിതിയിലുണ്ടായിരുന്നു. കാതിക്കുടം പനമ്പിള്ളി സ്മാരക വായനശാലയിൽ വച്ച് 2003 മാർച്ച് 30നാണ് സമിതിയുടെ ആദ്യ മീറ്റിംഗ് നടന്നത്. പുഴയ്ക്ക് താഴെയുള്ള പഞ്ചായത്തുകളിൽ നിന്നും നിരവധിപേർ പങ്കെടുത്തു. ആ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ്, ഫിലിം സൊസൈറ്റി പ്രവർത്തകനായിരുന്ന കുഞ്ഞുമുഹമ്മദ് കമ്പനിക്കുള്ളിൽ മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്ന ദൃശ്യം മതിലിന് മുകളിൽ കയറിനിന്ന് സാഹസികമായി പകർത്തിയത്.

അങ്ങനെ കൂടുതൽ വിപുലമായ പിന്തുണകളോടെ സമരം മുന്നോട്ട് പോയി. കമ്പനി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് അറുതിയുണ്ടാകുമെന്ന് അന്ന് കാതിക്കുടത്തുകാർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ആ പ്രതീക്ഷ അസ്ഥാനത്താക്കിക്കൊണ്ട് സി.പി.എം ആ സമരത്തെ അട്ടിമറിച്ചു. ഷാജു ജോസഫ് പിന്നീട് കമ്പനിയിൽ ജോലിക്ക് കയറി. അതോടെ ആ സമരം പൂർണ്ണമായും പൊളിഞ്ഞു. കമ്പനിയിൽ ജോലി കിട്ടാൻ വേണ്ടിയാണ് സമരം നടത്തിയതെന്ന ആരോപണമുണ്ടായി. ജനങ്ങളെ അഭിമുഖീകരിക്കാൻ പ്രയാസമാണെന്ന് പറഞ്ഞ് സമര സമതി കൺവീനർ കെ.കെ. ചന്ദ്രനും ചെയർമാനായിരുന്ന ഇ. അച്യുതനും പിന്മാറി. ട്രേഡ് യൂണിയന്റെ സമ്മർദ്ദം കാരണമാണ് സി.പി.എം

> വർഷങ്ങളായി, പല സമിതികളുടെ പേരിൽ കാതിക്കുടത്ത് നടന്ന സമരങ്ങളുടെ തുടർച്ച തന്നെയാണ് ആക്ഷൻ കൗൺസിലിന്റെയും സമരം. അല്ലാതെ എൻ.ജി.ഐ.എൽ ഇപ്പോൾ ആരോപിക്കുന്നതുപോലെ അഞ്ച് വർഷം മുമ്പ് മാത്രം പൊട്ടിമുളച്ച ഒന്നല്ല അത്

സമരത്തിനെ പൊളിക്കാൻ തീരുമാനിച്ചത്.

അതിനുശേഷം ഏറെക്കാലം നേരിട്ടുള്ള പ്രതിഷേധ പരിപാടികൾ കുറവായിരുന്നു. ചാലക്കുടിപ്പുഴ സംരക്ഷണ സമതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഞാൻ സുഹൃത്തുക്കളോടൊപ്പം ചേർന്ന് അതിരപ്പിള്ളി ഡാം വിരുദ്ധ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് 2008ൽ ഒരു ജനകീയ കൺവെൻഷൻ കാതിക്കുടം വായനശാലാ ഹാളിൽ വച്ച് നടത്തി. കാതിക്കുടം സമരത്തെ ശക്തിപ്പെടുത്തണമെന്ന ആവശ്യവും ആ യോഗത്തിൽ പലരും ഉന്നയിച്ചിരുന്നു. അതിനെ തുടർന്നാണ് പരിസ്ഥിതി പ്രവർത്തകനായ ഡോ. അമിതാബച്ചനൊപ്പം ഞാനും ചന്ദ്രശേഖരനും കാതിക്കുടത്തെ വീടുകൾ സന്ദർശിച്ച് സമരം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് നാട്ടുകാരോട് സംസാരിച്ചത്. ബഹുഭൂരിപക്ഷം പേരും കമ്പനി ആ നാട്ടിൽ നിന്നും പോകണം എന്ന അഭിപ്രായമാണ് പങ്കുവച്ചത്. 2008ൽ തന്നെയാണ് അപ്പുകുറ്റിപ്പാട് കൺവീനറും ജയൻ ജോസഫ് ചെയർമാനുമായി ആക്ഷൻ കൗൺസിൽ രൂപീകൃതമാകുന്നത്. കമ്പനിയിലേക്ക് മാർച്ച് നടത്തുന്ന തടക്കമുള്ള പ്രത്യക്ഷമായ സമരപ്രവർത്തനങ്ങൾ അവരുടെ മുൻകൈയിലും നടന്നിരുന്നു. ഞങ്ങളും ആക്ഷൻ കൗൺസിലിന്റെ മുൻകൈയിൽ നടക്കുന്ന സമരങ്ങളിൽ പങ്കാളികളായി. അങ്ങനെയാണ് ആക്ഷൻ കൗൺസിലിൽ സമരപ്രവർത്തനങ്ങളുടെ നേതൃത്വത്തിലേക്ക് എത്തുന്നത്. വർഷങ്ങളായി, പല സമിതികളുടെ പേരിൽ കാതിക്കുടത്ത് നടന്ന സമരങ്ങളുടെ തുടർച്ച തന്നെയാണ് ആക്ഷൻ കൗൺസിലിന്റെയും സമരം. അല്ലാതെ എൻ.ജി.ഐ.എൽ ഇപ്പോൾ ആരോപിക്കുന്നതുപോലെ അഞ്ച് വർഷം മുമ്പ് മാത്രം പൊട്ടിമുളച്ച ഒന്നല്ല അത്.

പഴയ സമരങ്ങളെയെല്ലാം കമ്പനി തന്നെ പണമുപയോഗിച്ച് ഒതുക്കി തീർത്തതാണെന്ന് അവർക്ക് ഓർമ്മയുണ്ടായിട്ടും മനപൂർവ്വം കള്ളം പറയുകയാണിന്ന്. പണമെറിഞ്ഞ് പ്രതിഷേധങ്ങളെ നിശബ്ദമാക്കുകയാണ് കമ്പനി. കമ്പനിയുടെ ആനുകൂല്യം പിൻപറ്റുന്ന നിരവധി പേർ കാതിക്കുടത്തുണ്ട്. മരിച്ചുപോയ ഭാര്യയുടെ സ്മരണയ്ക്കായി കെട്ടിടം പണിയാൻ പണം നൽകിയും, സ്കൂളിന് കെട്ടിടം നിർമ്മിച്ചുകൊടുത്തും, കമ്പനിയിൽ ജോലി നൽകിയും, ക്ഷേത്രത്തിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകിയും, പള്ളിയുടെ അൾത്താര നിർമ്മിച്ചുകൊടുത്തും വായനശാലയ്ക്ക് പുതിയ കെട്ടിടം പണിഞ്ഞുകൊടുത്തും പ്രാഥമികാരോഗ്യ കേന്ദ്രം വിപുലീകരിക്കാൻ സഹായിച്ചുമാണ് കമ്പനി കാതിക്കുടത്തെ സമരങ്ങളെ നിശബ്ദമാക്കിയത്. ഇപ്പോഴും അതിനുള്ള ശ്രമങ്ങൾ കമ്പനി നടത്തുന്നുണ്ട്. കമ്പനിക്ക് മുന്നിലുള്ള അയ്യൻകാവ് ക്ഷേത്രത്തിൽ അന്നദാന മണ്ഡപം കെട്ടാൻ കമ്പനി ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ക്ഷേത്രഭാരവാഹികൾ സമരത്തിൽ സജീവമായി പങ്കെടുക്കുന്നവരാണ്. അവർക്ക് ആ സമ്മർദ്ദത്തെ മറികടക്കാൻ കഴിയേണ്ടതുണ്ട്. പഴച ചരിത്രം കാതിക്കുടത്ത് ആവർത്തിക്കാൻ പാടില്ല.

1998ൽ കമ്പനിയുടെ സഹായത്തോടെ വിപുലീകരിച്ച കക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്യാനെത്തിയത് അന്നത്തെ ആരോഗ്യവകുപ്പ് മന്ത്രി എ.സി. ഷൺമുഖദാസായിരുന്നു. കമ്പനിയുടെ മലിനീകരണ പ്രശ്ങ്ങളെക്കുറിച്ച് മനസ്സിലാക്കിയിരുന്ന അദ്ദേഹം, ഇതുപോലെയൊരു കമ്പനി 20 കിടക്കകളുള്ള ഹോസ്പിറ്റല്ല മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഇവിടെ പണിഞ്ഞാലും അത്ഭുതപ്പെടാനില്ലെന്ന് ആ വേദിയിൽ വച്ച് പറഞ്ഞു. അതുതന്നെയാണ് അക്ഷരാർത്ഥത്തിൽ കമ്പനി ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെ പ്രതിരോധിച്ചുകൊണ്ടല്ലാതെ മുന്നോട്ട് പോകാൻ കഴിയില്ല. ■